# കേരളസർവകലാശാല

നം.പി.ആർ.28/2021

# പത്രക്കുറിപ്പ്

**കേരള സർവകലാശാല ബിരുദ പ്രവേശനം 2020 –21**
**സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 6 ന് രാവിലെ 10 മണിക്ക് മുമ്പായി അതത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്പോർട്സ് ക്വാട്ടയിലെ ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കേരള സർവകലാശാല ബിരുദ പ്രവേശനം 2020 –21**
**കമ്മ്യൂണിറ്റി ക്വാട്ട സ്പോട്ട് അഡ്മിഷൻ**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് കഴിഞ്ഞ കമ്മ്യൂണിറ്റി ക്വാട്ട കൗൺസിലിംഗ് സമയത്തു റിപ്പോർട്ട് ചെയ്തു സീറ്റ് ലഭിക്കാത്ത വിദ്യാർത്ഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 6 ന് രാവിലെ 10 മണിക്ക് മുമ്പായി അതത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടയിലെ ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പ്രാക്ടിക്കൽ**

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി (മൾട്ടിമേജർ) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ (കോർ–കെമിസ്ട്രി) ഫെബ്രുവരി 9 മുതൽ അതതു കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**ടൈംടേബിൾ**

കേരളസർവകലാശാല ഫെബ്രുവരി 22 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം.ബി.എൽ. (ഫെബ്രുവരി 2021) പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഫെബ്രുവരി മാസത്തിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.പി.എഡ്. ദിവത്സര കോഴ്സ് (റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല ഫെബ്രുവരിയിൽ നടത്തുന്ന ബാച്ച്ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (നാല് വർഷ ഇന്റഗ്രേറ്റഡ് കോഴ്സ് – 2011 സ്കീം) നാലാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തുന്ന മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എം.പി.ഇ.) പ്രീവിയസ് (റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തിയ പാർട്ട് മൂന്ന് അവസാന വർഷ ബി.കോം. (ആന്വൽ സ്കീം – പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി) ഏപ്രിൽ 2021 പരീക്ഷയ്ക്ക് ഓൺലൈൻ/ഓഫ്‌ലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 11 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 16 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. രണ്ടാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഫീസ് അടയ്ക്കാനുള്ള തീയതിയും പരീക്ഷാതീയതിയും പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാത്തീയതി

കേരളസർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷകൾ ഫെബ്രുവരി 18 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം.**
**04.02.2021**

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**